C MEDIA NEWS ONLINE

# ജലജീവൻ കുടിവെള്ളപദ്ധതി ടാങ്കിന്റെ സ്ഥലം രജിസ്ട്രേഷൻ നടന്നില്ല

December 20, 2023



**പെരുവണ്ണാമൂഴി**: ചക്കിട്ടപാറയിൽ നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ കൊത്തിയപാറയ്ക്കുസമീപം തോണക്കരക്കുന്നിൽ ടാങ്ക് നിർമിച്ച സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കി പണം നൽകാത്തതിനാൽ പൈപ്പിടൽ ജോലിയുടെ പൂർത്തീകരണം വൈകുന്നു.പണംനൽകാതെ പ്രവൃത്തി പൂർത്തീകരിക്കുന്നത് ആറുമാസംമുമ്പ് സ്ഥലമുടമ എതിർത്തിരുന്നു. ടാങ്കിന് അടുത്തുള്ള ഭാഗത്തെ പ്രവൃത്തിയാണ് കുറച്ചുഭാഗം തടസ്സപ്പെട്ടുകിടക്കുന്നത്. സ്ഥലം നൽകുന്നതിന് പഞ്ചായത്തുമായി 2021-ൽ എഗ്രിമെന്റ് ഉണ്ടാക്കിയെങ്കിലും രജിസ്ട്രേഷനടക്കമുള്ള നടപടികൾ പൂർത്തീകരിച്ച് പണം ലഭിച്ചിട്ടില്ലെന്ന് സ്ഥലമുടമ ജോബി പറയുന്നു.
പദ്ധതിയുടെ ഭാഗമായി തോണക്കരക്കുന്നിൽ 1.5 ലക്ഷംലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയുടെയും ഉരുട്ടിക്കരകുന്നിൽ 2.50 ലക്ഷം ലിറ്റർ ജലസംഭരണശേഷിയുള്ള മറ്റൊരു ഭൂതലസംഭരണിയുടെയും പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഉരുട്ടിക്കരകുന്നിലെ ടാങ്കിൽനിന്ന് ജലവിതരണത്തിന് ട്രയൽറൺ നടത്തിയിട്ടുമുണ്ട്. 16.5 കോടി ചെലവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയിൽ 3,450 കുടുംബങ്ങൾക്ക് വെള്ളമെത്തിക്കാനാണ് ലക്ഷ്യം.

പഞ്ചായത്തിലെ ഒന്ന്, രണ്ട്, വാർഡുകളിലും ഒമ്പതുമുതൽ 15 വരെയുള്ള ഒമ്പത് വാർഡുകളിലുള്ളവർക്കായാണ് പദ്ധതി നടപ്പാക്കുന്നത്. പന്നിക്കോട്ടൂർ, ചെമ്പനോട, നരിനട, അണ്ണക്കുട്ടൻചാൽ, പെരുവണ്ണാമൂഴി, ചക്കിട്ടപാറ, കുളത്തുവയൽ, താനിയോട്, കുളത്തുംതറ എന്നീ

പ്രദേശങ്ങളിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കും.ജലസ്രോതസ്സ് പെരുവണ്ണാമൂഴി ഡാം

കുറ്റ്യാടി ജലസേചനപദ്ധതിക്ക് കീഴിലുള്ള പെരുവണ്ണാമൂഴി ഡാമിൽനിന്നുള്ള വെള്ളമാണ് പദ്ധതിയുടെ ജലസ്രോതസ്സ്. പെരുവണ്ണാമൂഴിയിലുള്ള ജലഅതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിനടുത്തായി ഒരു പമ്പ്ഹൗസ് പുതുതായി നിർമിച്ച് 70 എച്ച്.പി. ശേഷിയുള്ള രണ്ട് പമ്പുസെറ്റുകൾ സ്ഥാപിച്ചാണ് ജലവിതരണം. പമ്പ് ഹൗസ് നിർമാണം നടന്നുകഴിഞ്ഞു. 15.78 കോടിയുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതി 2021 ജനുവരിയിലാണ് ടെൻഡർ നടന്നത്. ഫെബ്രുവരിയിൽ പ്രവൃത്തികൾ തുടങ്ങി. ഒരുവർഷംകൊണ്ട് പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടത്.പ്രശ്നങ്ങൾ പരിഹരിക്കണം

ഏറെപ്പേർക്ക് പ്രയോജനകരമാകുന്ന ജലജീവൻ കുടിവെള്ള പദ്ധതിയിൽനിന്ന് കുടിവെള്ളം ലഭിക്കുന്നതും കാത്തിരിക്കുകയാണ് ജനങ്ങൾ. സാങ്കേതിക പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാത്തതാണ് ജലവിതരണം തുടങ്ങാൻ വൈകിയത്. ടാങ്ക് നിർമാണത്തിന് ഏറ്റെടുത്ത സ്ഥലത്തിന് പ്രതിഫലംനൽകാനും രജിസ്ട്രേഷൻ നടപടിക്കുള്ള തടസ്സങ്ങൾ പരിഹരിക്കാനും അടിയന്തര ഇടപെടൽ ഉണ്ടായില്ല. എത്രയും പെട്ടെന്ന് പ്രശ്നംപരിഹരിക്കാൻ നടപടി ഉണ്ടാകണം.

ജിതേഷ് മുതുകാട്, ഗ്രാമപ്പഞ്ചായത്തംഗംപുതുവത്സരത്തിൽ ജലവിതരണം തുടങ്ങും

കുടിവെള്ളപദ്ധതിയുടെ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തിയാക്കി. ഉരുട്ടിക്കരകുന്നിലെ ടാങ്കിൽനിന്ന് ജലവിതരണം ട്രയൽറൺ തുടങ്ങി. ജനുവരി ഒന്നിന് ഇത് ഉദ്ഘാടനംചെയ്യും. 1,200-ഓളം കുടുംബങ്ങൾക്ക് ഇതുവഴി വെള്ളമെത്തും. സ്ഥലമേറ്റെടുക്കാൻ എട്ടുലക്ഷംരൂപ പഞ്ചായത്ത് പദ്ധതിയിൽ വകയിരുത്തിയതാണ്. തോണക്കര കുന്നിലെ സ്ഥലം പുറമ്പോക്കുഭൂമിയാണെന്ന് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് കാരണമാണ് ഫണ്ട് കൈമാറാൻ തടസ്സമുണ്ടായത്. പ്രശ്നം പരിഹരിച്ച് ജനുവരി പകുതിയോടെ ഈ ടാങ്കിൽനിന്ന് ജലവിതരണം തുടങ്ങാൻ നടപടി സ്വീകരിക്കും.

കെ. സുനിൽ, ചക്കിട്ടപാറ പഞ്ചായത്ത് പ്രസിഡന്റ്

To leave a comment, click the button below to sign in with Google.

SIGN IN WITH GOOGLE